**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **28-07-2021 - ൽ മറുപടിയ്ക്ക്**

**മദ്രസാ അധ്യാപക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മദ്രസ അധ്യാപകർക്ക് സംസ്ഥാന സർക്കാർ ശമ്പളം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | മദ്രസ അധ്യാപകർക്ക് സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | മദ്രസാദ്ധ്യാപകർക്കായി സംസ്ഥാന സർക്കാർ ഒരു അനുകൂല്യങ്ങളും നൽകുന്നില്ല. എന്നാൽ അവർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മദ്രസ അധ്യാപകർക്കായി കേരളത്തിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണഭോക്തൃ വിഹിതവും സർക്കാർ വിഹിതവും എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | മദ്രസാധ്യാപകർക്കായി കേരളത്തിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അംഗമായ ഓരോ മദ്രസാധ്യാപകനും 50 രൂപയും ടിയാൻ അംഗമായ കമ്മിറ്റി 50 രൂപയും വീതം പ്രതിമാസം അംശദായം അടയ്ക്കേണ്ടതാണ്. ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിനും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പാക്കാനും ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഗ്രാന്റിൽ നിന്നും കോർപ്പസ് ഫണ്ടായി സർക്കാർ തുക അനുവദിക്കുന്നുണ്ട്. പലിശ രഹിത നിക്ഷേപമായ ഈ ഫണ്ട് ഇൻഷ്വറൻസ് പ്രീമിയം, സേവന ചാർജ്ജ്, വിരമിക്കുന്ന അംഗങ്ങൾക്കുള്ള തുക, സർക്കാർ അംഗീകരിക്കുന്ന മറ്റ് ചിലവുകൾ എന്നിവ നിറവേറ്റാൻ ഉപയോഗിക്കുന്നു. |
| (ഡി) | മദ്രസ അധ്യാപക ക്ഷേമനിധിയിൽ ആകെ എത്ര അംഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ഡി) | 23,809 |
| (ഇ) | മദ്രസാ അധ്യാപക ക്ഷേമനിധിക്കായി സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | കേരള മദ്രസാദ്ധ്യാപക ക്ഷേമനിധിയ്ക്ക് കോർപ്പസ് ഫണ്ടായി 2010-ൽ 10,00,00,000/-(പത്ത് കോടി രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 2015-2016 സാമ്പത്തിക വർഷത്തിൽ ട്രഷറിയിലെ പലിശരഹിതനിക്ഷേപത്തിനുള്ള ഇൻസന്റീവ് ആയി 3,75,33,000 (മൂന്നുകോടി എഴുപത്തിയഞ്ചു ലക്ഷത്തി മുപ്പത്തി മൂവായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 4,01,99,412/- |

| | | | |
|---|---|---|---|
| | | | (നാലു കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നാന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ